ഉത്തരം

(എ) സ്ത്രീ ശാക്തീകരണത്തിനായി 2002-03 സാമ്പത്തിക വർഷത്തിൽ പുതുതായി ഒരു പദ്ധതിക്കും രൂപം നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വനിതാ കമ്മീഷന് പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്താൻ നടപടി

47 [1186] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പരിഗണനക്കും തീർപ്പിനുമായി ഇപ്പോൾ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വളരെയേറെ പരാതികൾ വനിതാ കമ്മീഷനിൽ കെട്ടിക്കിടക്കുന്ന സാഹചര്യം കണക്കിലെടുത്ത് പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വനിതാ കമ്മീഷനിൽ കിട്ടുന്ന പരാതികൾ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് കമ്മീഷൻ ആവശ്യപ്പെടുന്ന വിവിധ ആവശ്യങ്ങൾ അടിയന്തിരമായി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 3367 പരാതികൾ.

(ബി) 2002 മേയ് 14-ന് പുതിയ കമ്മീഷൻ നിലവിൽ വരുമ്പോൾ 9382 പരാതികൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുണ്ടായിരുന്നതിൽ 6015 പരാതികൾ ഇതിനകം അദാലത്തുകളും പ്രത്യേക സിറ്റിംഗുകളും നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയും ഇപ്രകാരം തീർപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) കമ്മീഷൻ ഓഫീസ് പഴയ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സൗകര്യപ്രദമായ കെട്ടിടം ഇല്ലാത്തതു കാരണം പരാതിക്കാരുടെ ബാഹുല്യം പരിഗണിച്ച് കമ്മീഷൻ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കമ്മീഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം നൽകുന്നതിന് ശ്രമിച്ചുവരുന്നു.

വനിതാ വികസന കോർപ്പറേഷനിലെ
വൺടൈം സെറ്റിൽമെന്റ് സ്കീം

48 [1187] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിലെ വൺടൈം സെറ്റിൽമെന്റ് സ്കീം വഴി എത്രപേർക്ക് ഗുണം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര തുക ഗവൺമെന്റിന് ഇതുവഴി ലഭിച്ചു; കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 119 വായ്പാ കുടിശ്ശികക്കാർക്ക് ഗുണം ലഭിച്ചു.

(ബി) 28,99,972 രൂപ സർക്കാരിന് ഇതുവഴി ലഭിച്ചു.

പാവപ്പെട്ടവർക്കും ദുർബലവിഭാഗക്കാർക്കും വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ

49 [1188] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും വേണ്ടി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇത്തരം ക്ഷേമ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമവും കാലതാമസം കൂടാതെയുള്ളതുമാക്കി തീർക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ പെൻഷനുകൾ, മറ്റ് സമാശ്വാസ പദ്ധതികൾ എന്നിവയുടെ ഗുണഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പാവപ്പെട്ടവർക്കും ദുർബലവിഭാഗക്കാർക്കും ജീവിതനിലവാരം ഉയർത്തുന്നതിനും നിത്യജീവിതത്തിനും വേണ്ടി ഉതകുന്ന ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യസുരക്ഷാ പദ്ധതികളായ വികലാംഗകർക്കും വിധവ/അഗതികൾക്കും, വൃദ്ധജനങ്ങൾക്കും അവിവാഹിതരായ 50 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾ എന്നിവർക്കുമുള്ള പെൻഷൻ, വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം, ശിശുക്ഷേമം മുൻനിർത്തി സംയോജിത ശിശുവികസന സേവനപദ്ധതി, അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലും യാചകമന്ദിരങ്ങളിലും താമസിക്കുന്നവർക്ക് ധനസഹായം, അനാഥ ശിശുക്കളെ ദത്തെടുത്ത് വളർത്തുന്നതിന് പ്രോൽസാഹനം, കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട കുട്ടികളെ നല്ല പൗരന്മാരായി വളർത്തിയെടുക്കുന്നതിന് ജുവനൈൽ ഹോമുകൾ, കോടതി മുഖേന പ്രവേശിക്കപ്പെടുന്ന കുട്ടികളെ പാർപ്പിക്കുന്നതിനായി സ്പെഷ്യൽ ഹോമുകൾ, വികലാംഗർക്ക് ചികിൽസയ്ക്കായി ധനസഹായം, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായം, വനിതാ ക്ഷേമം മുൻനിർത്തി ഐ. സ. ഡി. എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ക്ഷേമ പദ്ധതികൾ, മഹിളാ

LIBRARY ARCHIVES Kerala Legislative Assembly